# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 633      29/06/2015-ൽ മറുപടിയ്ക്ക്

## ആദിവാസി ക്ഷേമ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി (ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആദിവാസികളുടെ ക്ഷേമത്തിനായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; | (എ) (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആദിവാസികളുടെ ക്ഷേമത്തിനായി പട്ടികവർഗ്ഗ വികസനവകുപ്പിൽ പുതുതായി നടപ്പിലാക്കിയ പദ്ധതികളും അതിലൂടെ കൈവരിച്ച നേട്ടങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. എസ്.എസ്.എൽ.സി പരീക്ഷയിൽ എ, എ+ ഗ്രേഡ് കിട്ടുന്ന കുട്ടികളെ എൻട്രൻസ് പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിനുള്ള പദ്ധതി. ഈ പദ്ധതിയിലൂടെ കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് സഹായിച്ചു.
2. അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിനുള്ള പദ്ധതി നടപ്പാക്കിയതിലൂടെ അവരുടെ ക്ഷേമം ഉറപ്പാക്കുവാൻ സധിച്ചു.
3. തൊഴിലവസരങ്ങളെകുറിച്ചും ഉന്നത വിദ്യാഭ്യാസത്തെ കുറിച്ചും വിവരങ്ങൾ നൽകുന്നതിനായി പട്ടികവർഗ്ഗ പ്രദേശങ്ങളിൽ **സഹായി** കേന്ദ്രങ്ങൾ തുടങ്ങിയതിലൂടെ പട്ടികവർഗ്ഗക്കാർക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകി വരുന്നു.
4. പ്രാക്തനഗോത്രവർഗ്ഗക്കാരുടെ സംയോജിത വികസനത്തിനും ജീവനോപാധി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു.
5. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി. ഇതിലൂടെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുവാൻ സാധിച്ചു.
6. തൊഴിൽ രഹിതരായ 500 പട്ടികവർഗ്ഗ യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുകയും ആയത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ജീവനോപാധി എന്ന നിലയിൽ ആട്ടോറിക്ഷാ വാങ്ങി നൽകുന്ന പദ്ധതി, വനിതാശാക്തീകരണവും, തൊഴിൽ ലഭ്യതയും നൽകാൻ സാധിച്ചു.
7. അരിവാൾരോഗം ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനായി പ്രതിമാസം 1000 രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി
8. ഗോത്രസാരഥി പദ്ധതി - ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പി.റ്റി.എ യുടേയും സഹകരണത്തോടെ യാത്രാസൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി. കൂടുതൽ കുട്ടികളുടെ സ്ക്കൂൾ പ്രവേശനത്തിന് ഈ പദ്ധതി സഹായിച്ചു.
9. പട്ടികവർഗ്ഗക്കാരിലെ വംശീയ വൈദ്യന്മാർക്ക് ഇപ്പോഴത്തെ ജോലി തുടർന്ന് നടത്തുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും വർഷത്തിൽ 10000 രൂപാ വീതം ധനസഹായം നൽകുന്നപദ്ധതി . വംശീയ വൈദ്യൻമാരെ അവരുടെ പരമ്പരാഗത മേഖലയിൽ നിലനിർത്തുവാൻ സധിച്ചു.

10. പട്ടികവർഗ്ഗ അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി ജനനീ ജന്മരക്ഷാ പദ്ധതി നടപ്പിലാക്കിയതിലൂടെ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ പരിപാലനത്തിന് സഹായിച്ചു.
11. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കുന്നതാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഈ പദ്ധതിയിലൂടെ സാധിച്ചു.
12. ഹാംലെറ്റ് വികസന പദ്ധതി- തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള പദ്ധതി. ഈ പദ്ധതിയിലൂടെ തെരഞ്ഞെടുത്ത സങ്കേതങ്ങളുടെ അടിസ്ഥാന വികസനം ഒരുക്കുന്നതിന് സഹായിച്ചു.
13. കൈതാങ്ങ് പദ്ധതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അനാഥരും നിരാലംബരും മാതാപിതാക്കളുടെ സംരക്ഷണം ലഭ്യമാകാത്തതുമായ കുട്ടികളെ സംരക്ഷിക്കുന്നവക്ക് പ്രതിമാസം 1000 രൂപാ ധനസഹായം നൽകുന്ന പദ്ധതി. അനാഥരുടെയും, നിരാലംബരുടെയും സംരക്ഷണം ഉറപ്പാക്കാൻ സാധിച്ചു.
14. **ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം** പദ്ധതി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകാൻ ഈ പദ്ധതിയിലൂടെ സാധിച്ചു.
15. തെരഞ്ഞെടുത്ത 14 സങ്കേതങ്ങളുടെ സംയോജിത സുസ്ഥിര വികസന പദ്ധതിക്കായി അഡീഷണൽ ട്രൈബൽ സബ്പ്ലാനിൽ ഉൾപ്പെടുത്തി 150 കോടി രൂപയുടെ പദ്ധതി. ഈ പദ്ധതി പൂർത്തിയാകുമ്പോൾ തിരഞ്ഞെടുത്ത സങ്കേതങ്ങളുടെ സമഗ്ര വികസനം കൈവരിക്കാൻ സാധിക്കും.

സെക്ഷൻ ഓഫീസർ